**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3311** **08-10-2025 - ൽ മറുപടിയ്ക്ക്**

**വള്ളിക്കപ്പറ്റപാലം എന്നിവയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിൽ ബജറ്റിൽ അടങ്കൽ തുകയുടെ 20 ശതമാനം വകയിരുത്തിയിട്ടുള്ള വെള്ളില ചോഴി പാലം നിർമ്മാണം, വള്ളിക്കപ്പറ്റപാലം നിർമ്മാണം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | മങ്കട നിയോജകമണ്ഡലത്തിലെ വെള്ളില ചോഴി, വള്ളിക്കപ്പറ്റപാലം എന്നീ പാലങ്ങൾക്ക് ഭരണാനുമതി ലഭിക്കുന്നതിനായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രൊപ്പോസലുകൾ പരിശോധിച്ച് ബജറ്റിൽ വകയിരുത്തിയ തുകയ്ക്ക് എസ്റ്റിമേറ്റ് നിജപ്പെടുത്തണമെന്ന് ധനവകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് പ്രൊപ്പോസലുകൾ നിലവിൽ ധനവകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് ബജറ്റിൽ വകയിരുത്തിയ തുകയ്ക്ക് എസ്റ്റിമേറ്റ് നിജപ്പെടുത്തണമെന്ന് ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണ് എന്ന് വ്യക്തമാക്കാമോ; | (ബി) | എ പിരിവിന്റെ അതേ മറുപടി. |
| (സി) | പ്രവൃത്തികൾക്ക് തുക വകയിരുത്തി ദീർഘനാളായിട്ടും ഭരണാനുമതി നൽകുന്നതിന് വകുപ്പിന് നാളിതുവരെ കഴിയാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ; പ്രസ്തുത പാലം നിർമ്മാണ പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിയ്ക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | (സി) | എ പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ